# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *290. 12.10.2011-ൽ മറുപടിക്ക്

### തൊഴിലിടങ്ങളിൽനിന്ന് മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ. സി. മമ്മൂട്ടി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കുട്ടികളെക്കൊണ്ട് തൊഴിൽ ശാലകളിലും, ഹോട്ടലുകളിലും മറ്റു സ്ഥാപനങ്ങളിലും തൊഴിൽ ചെയ്യിക്കുന്നതു തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമ പ്രകാരം 14 വയസ്സു വരെയുള്ള കുട്ടികളെക്കൊണ്ട് കഠിന ജോലി ചെയ്യിക്കുന്നത് തടയാനും നിയന്ത്രിക്കാനും തൊഴിൽ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. നിയമപരമായ പരിശോധനകളും അതോടൊപ്പം തന്നെ ബോധവൽക്കരണ പരിപാടികളും തൊഴിൽ വകുപ്പ് നടത്തുന്നുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ടാക്സ് ഫോഴ്സും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) അതിൽനിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ പുനരധിവാസത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളും സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കുമോ; | (ബി) മോചിപ്പിക്കപ്പെടുന്ന കുട്ടികളെ അതാത് ജില്ലകളിലെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുമ്പാകെ ഹാജരാക്കുകയും, ടി കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

| | |
|---|---|
| (സി) കുട്ടികളെ ഇവിടങ്ങളിൽ തൊഴിൽ തേടാൻ നിർബന്ധിതരാക്കുന്ന കാരണങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) ഇല്ല. |
| (ഡി) തൊഴിലിടങ്ങളിൽ നിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ കുടുംബ പശ്ചാത്തലവും ദാരിദ്ര്യാവസ്ഥയും അന്വേഷിക്കുന്നതിനും തൊഴിൽ തേടാൻ കുട്ടികളെ നിർബന്ധിതരാക്കുന്ന കാരണങ്ങളുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനുള്ള സംവിധാനമെന്തെങ്കിലും നിലവിലുണ്ടോ; | (ഡി) കഠിന ജോലികളിൽ ഏർപ്പെട്ടിരിക്കുന്നതായി കണ്ടെത്തിയ എല്ലാ കുട്ടികളും അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ എത്തിയവരായതിനാൽ ഇവരുടെ കുടുംബ പശ്ചാത്തലവും മറ്റു കാരണങ്ങളും കണ്ടു പിടിക്കുവാനും ആയതു പരിഹരിക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. |
| (ഇ) ഇത്തരം കുട്ടികളുടെ പുനരധിവാസത്തിനും വിദ്യാഭ്യാസത്തിനും, നിലവിലുള്ള സംവിധാനമെന്താണ്; സാമൂഹ്യക്ഷേമ വകുപ്പുമായി ഏകോപിച്ചുള്ള നടപടിയുണ്ടോ; വിശദമാക്കുമോ; | (ഇ) ഇത്തരം കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഹോമിലും ഇപ്രകാരം മോചിപ്പിക്കപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കാറുണ്ട്. |
| (എഫ്) 2010-ലും, 2011-ലും ഈ വിധത്തിൽ മോചിപ്പിച്ച കുട്ടികളുടെ വിശദവിവരം നല്കാമോ? | (എഫ്) 2010-ൽ എറണാകുളം ജില്ലയിൽ നിന്ന് 3 കുട്ടികളെയും 2011-ൽ തിരുവനന്തപുരം ജില്ലയിൽ നിന്ന് 2 കുട്ടികളെയും മോചിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ